"ഭരണഭാഷ- മാതൃഭാഷ"

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4128 24.06.2019 ൽ
മറുപടിയ്ക്ക്

## വനം വകുപ്പ് വക എസ്റ്റേറ്റുകൾ

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പാട്ടക്കരാറിലൂടെ പ്രവർത്തിക്കുന്ന വനം വകുപ്പ് വക എസ്റ്റേറ്റുകൾ എത്രയെണ്ണമുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പാട്ടക്കരാറിലൂടെ പ്രവർത്തിക്കുന്ന വനത്തിലുള്ള എസ്റ്റേറ്റുകൾ 46 എണ്ണം ഉണ്ട്. അവയുടെ പേര് വിവരം അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | ഈ എസ്റ്റേറ്റുകളിൽ പാട്ടക്കരാർ ലംഘനം നടത്തിയ എത്ര എസ്റ്റേറ്റുകൾ ഉണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ, | (ബി) | 44 എസ്റ്റേറ്റുകൾ പാട്ടക്കരാർ ലംഘനം നടത്തിയവയാണ്. നെന്മാറ ഡിവിഷനു കീഴിലെ 41 എസ്റ്റേറ്റുകളും, വാഴച്ചാൽ ഡിവിഷനു കീഴിലെ പെരുമ്പാറ എസ്റ്റേറ്റും, ചാലക്കുടി ഡിവിഷനു കീഴിലെ ഹാരിസൺ മലയാളം ലിമിറ്റഡും, കൊച്ചിൻ മലബാർ എസ്റ്റേറ്റ് & ഇൻഡസ്ട്രീസ് ലിമിറ്റഡും, പാട്ടക്കാർ ലംഘനം നടത്തിയവാണ്. |
| (സി) | പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ, | (സി) | നെന്മാറ ഡിവിഷനു കീഴിലെ പാട്ടക്കരാർ ലംഘനം നടത്തിയ എസ്റ്റേറ്റുകളിൽ 20 എണ്ണത്തിന്റെ പാട്ടം റദ്ദ് ചെയ്തിട്ടുള്ളതും ആണ്. എന്നാൽ, ടി 20 എസ്റ്റേറ്റുകൾ ബഹു. കോടതിയിൽ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും കേസുകളിൽ സ്റ്റേ ഉള്ളതും ആകയാൽ ടി എസ്റ്റേറ്റുകൾ തിരിച്ച് എടുക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. ബാക്കിയുള്ളവരുടെ പാട്ടക്കരാർ റദ്ദ് ചെയ്യുന്നതിനുള്ള ശിപാർശയിൻമേൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്. വാഴച്ചാൽ, ചാലക്കുടി ഡിവിഷനുകളുടെ കീഴിൽ വരുന്ന എസ്റ്റേറ്റുകൾക്കെതിരെ സ്വീകരിച്ച നടപടി വിവരം ചുവടെ ചേർക്കുന്നു.<br><br>**1. പെരുമ്പാറ എസ്റ്റേറ്റ്:-** പെരുമ്പാറ എസ്റ്റേറ്റിന്റെ പാട്ടക്കരാർ ലംഘനത്തെ തുടർന്ന്, പാട്ടത്തിന് നൽകിയ 86.94 ഏക്കർ സ്ഥലത്തിന്റെ പാട്ടക്കരാർ റദ്ദ് ചെയ്തുകൊണ്ട്, സ.ഉ(സാധാ) നം. 93/2016/വനം തീയ്യതി 29/02/2016 പ്രകാരം ടി ഭൂമി സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിന് ഉത്തരവാകുകയുണ്ടായി. ആയതിനെതിരെ എസ്റ്റേറ്റ് കൈവശക്കാർ ബഹു. ഹൈക്കോടതിയിൽ WP(C) 8686/16 നമ്പറായി കേസ് ഫയൽ ചെയ്യുകയും, ടി കേസിൽ, IA-214/16 നമ്പറായി സർക്കാർ ഫയൽ ചെയ്ത അപ്പീലിന്മേലുള്ള ബഹു. കോടതി വിധി പ്രകാരം എസ്റ്റേറ്റിൽ പുനഃപ്രവേശിക്കുന്നതിന് കൈവശക്കാർക്ക് അനുമതി നൽകുകയും, 24/05/16 ന് എസ്റ്റേറ്റിൽ കൈവശക്കാർ |

| | | | |
|---|---|---|---|
| | | | പുനഃപ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>**2. ഹാരിസൺ മലയാളം ലിമിറ്റഡ്:-** ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈ വശത്തിലുള്ള 6063.19 ഏക്കർ പാട്ട ഭൂമിയിലെ, 4896.65 ഏക്കർ ഭൂമി, കമ്പനി മറുപാട്ടത്തിന് നൽകി പാട്ടക്കരാർ ലംഘനം നടത്തിയതിനാൽ, ടി ഭൂമി GO(Rt)No.12/09/F&WLD തീയ്യതി 07/02/09 പ്രകാരം സർക്കാരിലേക്ക് തിരിച്ചെടുക്കുന്നതിന് ഉത്തരവാകുകയുണ്ടായി. ഈ ഉത്തരവിനെതിരെ ഹാരിസൺ മലയാളം ലിമിറ്റഡ് WP(C) 5074/09 നമ്പറായി കേസ് ഫയൽ ചെയ്യുകയും, ടി കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 20/02/09 ലെ വിധി പ്രകാരം പാട്ടഭൂമി തിരിച്ചെടുക്കുന്ന നടപടി സ്റ്റേ ചെയ്യുകയും, ഹർജിക്കാരന് സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്ന് ഉത്തരവാകുകയു ണ്ടായി. ആയതിനെതിരെ ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനി ഇരിങ്ങാലക്കുട സബ്കോടതിയിൽ ഒ.എസ്.141/09 ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>**3. കൊച്ചിൻ മലബാർ എസ്റ്റേറ്റ് & ഇൻഡസ്ട്രീസ് ലിമിറ്റഡ്:** - കൊച്ചിൻ മലബാർ കമ്പനിക്ക് പാട്ടത്തിനു നൽകിയ വനഭൂമി ജങ്ക്ടോളി ടീ ആന്റ് ഇൻഡസ്ട്രീസ് എന്ന കമ്പനിയുമായി ഏകീകരിച്ച് പേരിൽ മാറ്റം വരുത്തുകയും, ടി പാട്ടക്കരാർ ലംഘനത്തിനെതിരെ കമ്പനിയുടെ പാട്ടക്കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ഡി) | പ്രസ്തുത എസ്റ്റേറ്റുകൾ തിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ? | (ഡി) | മേൽ എസ്റ്റേറ്റുകൾ ഒന്നും തന്നെ മുകളിൽ പറഞ്ഞ കാരണങ്ങളാൽ തിരിച്ചെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നെന്മാറ ഡിവിഷൻ (41 എണ്ണം) | |
|---|---|
| 1 | ചെറുനെല്ലി, |
| 2 | കാരപ്പാറ എ |
| 3 | കാരപ്പാറ ബി |
| 4-11 | അലക്സാണ്ട്രിയ എ (8 എണ്ണം) |
| 12-17 | അലക്സാണ്ട്രിയ ബി (6 എണ്ണം) |
| 18 | ബ്രൂക്ക്ലാന്റ് |
| 19 | മോങ്ക്‌വുഡ് |
| 20 | കുമ്പളക്കുടി |
| 21 | ചന്ദ്രാമല (വി.കെ.ടി) |
| 22 | കൊട്ടയങ്ങാടി |
| 23 | മണലാരു |
| 24 | മണലാരു(കൊച്ചിൻ) |
| 25 | ലില്ലി |
| 26 | കരടിമല |
| 27 | രാജക്കാട് |
| 28 | വിക്ടോറിയ |
| 29 | മോങ്ങ്‌വുഡ് (എ വിടി) |
| 30 | പോത്തുപാറ |
| 31 | പുലയൻപാറ ചന്ദ്രാമല |
| 32-33 | ചന്ദ്രാമല (2 എണ്ണം) |
| 34 | പൂത്തുണ്ട് |
| 35 | അലക്സാണ്ട്രിയ (കൊച്ചിൻ പ്ളാന്റേഷൻ) |
| 36 | വിക്ടോറിയ (കൊച്ചിൻ പ്ളാന്റേഷൻ) |
| 37 | ഈസ്റ്റ് പുല്ലാല |
| 38 | സൂര്യപ്പാറ എ |
| 39 | സൂര്യപ്പാറ ബി |
| 40 | സൂര്യപ്പാറ സി |
| 41 | ബിയാട്രീസ് (കൊച്ചിൻ പ്ളാന്റേഷൻ) |
| **പീച്ചിവൈൽഡ്‌ലൈഫ് (1 എണ്ണം)** | |
| 1 | വാണിയംപാറ റബ്ബർഎസ്റ്റേറ്റ് |
| **ചാലക്കുടി ഡിവിഷൻ (2 എണ്ണം)** | |
| 1 | ഹാരിസൺ മലയാളംലിമിറ്റഡ് കമ്പനി |
| 2 | കൊച്ചിൻ മലബാർഎസ്റ്റേറ്റ് & ഇൻഡസ്ട്രീസ്ലിമിറ്റഡ് |
| **വാഴച്ചാൽ ഡിവിഷൻ (2 എണ്ണം)** | |
| 1 | പെരുമ്പാറ എസ്റ്റേറ്റ്, |
| 2 | ടാറ്റകോഫിലിമിറ്റഡ്, |

സെക്ഷൻ ഓഫീസർ